**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6308** **10-07-2024 - ൽ മറുപടിയ്ക്ക്**

**പൂച്ചേരി തോട് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിന് വടക്കുഭാഗത്ത്, വ്യാപാരിഭവന് സമീപത്തുകൂടി കടന്നുപോകുന്ന പൂച്ചേരി തോട് നിലവിൽ വളരെ വീതി കുറഞ്ഞ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി പൂച്ചേരി തോട് നിലവിൽ പഞ്ചായത്തിന്റെ ആസ്തിയിലുള്ളതാണ്. വീതി കുറവായി കാണപ്പെടുന്ന പൂച്ചേരി തോടിന്റെ അതിർത്തി നിർണ്ണയിച്ചതിനു ശേഷം മാത്രമേ പ്രസ്തുത തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനാവുകയുള്ളൂ. |
| (ബി) | മഴ പെയ്താൽ പാവറട്ടി സെന്ററിൽ കടകളിലടക്കം വെള്ളം കയറുന്ന സാഹചര്യത്തിൽ പ്രസ്തുത തോട് അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റക്കാരെ ഒഴിപ്പിച്ച് തോട് പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | പൂച്ചേരി തോട് പാവറട്ടി പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പഞ്ചായത്ത് മുഖേന റവന്യൂ അധികാരികളുമായി ബന്ധപ്പെട്ടു അതിർത്തി നിർണയിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ